**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3685** **14-07-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്കുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഘടകപദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1.ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി അതി ദരിദ്രർ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് ഒരു പശു യൂണിറ്റ് നൽകുന്ന പദ്ധതി.<br><br>2.സ്വയംസഹായസംഘങ്ങൾക്കും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും, കോമേഷ്യൽ ഫാമുകൾക്കും കിടാരി പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>3.അതിർത്തി പ്രദേശങ്ങളിലുള്ള ക്ഷീരസഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് അന്യസംസ്ഥാനത്ത് നിന്നും സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന കന്നുകാലികൾക്കായി ക്വാറൻ്റൈയിൻ സെന്ററുകളും ഉരുക്കളുടെ വിൽപന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള പദ്ധതി.<br><br>4.ക്ഷീരസംഘങ്ങൾക്കുള്ള ബൂസ്റ്റർ സ്കീം - പാലുല്പാദനം കുറഞ്ഞതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ ക്ഷീരസംഘങ്ങളെ ഉയർത്തികൊണ്ടുവരുവാനുള്ള പദ്ധതിയാണിത്. ഇത്തരം സംഘങ്ങളുടെ കീഴിലുള്ള ക്ഷീരകർഷകർക്ക് വകുപ്പിന്റെ വിവിധ ധനസഹായങ്ങൾ<br><br>ലഭ്യമാക്കി പാലുല്പാദനം വർദ്ധിപ്പിച്ച് അതുവഴി ക്ഷീരസംഘങ്ങളെ മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്.<br><br>5.ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം – ഫാം ആധുനികവൽക്കരണത്തിനായി കർഷകൻ ബാങ്ക് ലോൺ മുഖേന ചിലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി. |
| (ബി) | ക്ഷീരകർഷകർക്ക് സബ്സിഡി സമ്പ്രദായം | (ബി) | മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | നിലവില്ലള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ? | | സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നു. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്ന പദ്ധതികൾ സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വ്യാപന പദ്ധതിയിലെ തീറ്റപ്പുൽകൃഷിയും വിപണനവും എന്ന ഘടക പദ്ധതികൾക്കും ധനസഹായം നൽകിവരുന്നു. തരിശുഭൂമിയിലെ തീറ്റപ്പുൽകൃഷി, യന്ത്രവൽക്കരണ പദ്ധതികൾ, മക്കച്ചോളം കൃഷി ചെയ്യുന്നതിനുള്ള പദ്ധതികൾ ജലസേചന സൗകര്യത്തിനായുള്ള പദ്ധതികൾ തുടങ്ങിയവയും സർക്കാർ സബ്സിഡിയോടുകൂടി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ